# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 180    23.01.2018 ൽ മറുപടിയ്ക്കുണ്ടായിരുന്നത്

### സൈബർ കുറ്റകൃത്യങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.കെ. ശശി | | പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | മുൻ സർക്കാറിന്റെ കാലയളവിൽ ഓരോ വർഷവും റിപ്പോർട്ടു ചെയ്ത സൈബർ കുറ്റകൃത്യങ്ങളുടേയും എ.ടി.എം. ഉൾപ്പെടെയുള്ള മോഷണ കേസ്സു കളുടേയും മറ്റ് കുറ്റകൃത്യങ്ങളുടേയും വിശദാംശം ലഭ്യമാക്കുമോ; | (എ) | മുൻ സർക്കാറിന്റെ കാലയളവിൽ ഓരോ വർഷവും റിപ്പോർട്ടു ചെയ്ത സൈബർ കുറ്റകൃത്യങ്ങളുടേയും എ.ടി.എം. ഉൾപ്പെടെയുള്ള മോഷണ കേസ്സു കളുടേയും മറ്റ് കുറ്റകൃത്യങ്ങളുടേയും വിവരങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു. |

മുൻ സർക്കാറിന്റെ കാലയളവിൽ (18/05/2011 മുതൽ 24/05/2016 വരെ) രജിസ്റ്റർ ചെയ്ത കേസ്സുകൾ

| വർഷം | സൈബർ കുറ്റകൃത്യങ്ങളുടെ എണ്ണം | മോഷണ കേസുകൾ (എ.ടി.എം.) ഉൾപ്പെടെ | മറ്റ് കുറ്റകൃത്യങ്ങൾ |
|---|---|---|---|
| 2011 (18.05.11 മുതൽ 31.12.11 വരെ) | 158 | 2598 | 281077 |
| 2012 | 263 | 3469 | 512052 |
| 2013 | 360 | 3699 | 583252 |
| 2014 | 413 | 3896 | 610198 |
| 2015 | 295 | 4067 | 653340 |
| 2016 (01.01.16 മുതൽ 24.05.16 വരെ) | 104 | 1395 | 279913 |

| | | | |
|---|---|---|---|
| (ബി) | ആയതിൻമേൽ ഈ സർക്കാർ വന്നതിനു ശേഷമുള്ള വിശദാംശം വർഷം തിരിച്ച് വ്യക്തമാക്കുമോ; | (ബി) | ആയതിൻമേൽ ഈ സർക്കാർ വന്നതിനു ശേഷമുള്ള വിശദാംശം വർഷം തിരിച്ച് ചുവടെ കൊടുത്തിരിക്കുന്നു. |

ഈ സർക്കാർ അധികാരമേറ്റ ശേഷം (25/05/2016 മുതൽ 15/01/2018 വരെ) രജിസ്റ്റർ ചെയ്ത കേസുകൾ

| വർഷം | സൈബർ കുറ്റകൃത്യങ്ങളുടെ എണ്ണം | മോഷണ കേസുകൾ (എ.ടി.എം.) ഉൾപ്പെടെ | മറ്റ് കുറ്റകൃത്യങ്ങൾ |
|---|---|---|---|
| 2016 (25.05.16 മുതൽ 30.12.16 വരെ) | 172 | 2007 | 417691 |
| 2017 | 293 | 3021 | 653340 |
| 2018 (01.01.18 മുതൽ 15.01.18 വരെ) | 10 | 261 | 27140 |

(സി) ഈ സർക്കാരിന്റെ കാലയളവിൽ വിവിധ മേഖലകളിൽ ഇത്തരം കുറ്റകൃത്യങ്ങൾ കുറഞ്ഞത് സംബന്ധിച്ച റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം കുറ്റകൃത്യങ്ങൾ കുറയ്ക്കാനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ വിവിധ മേഖലകളിൽ ഇത്തരം കുറ്റകൃത്യങ്ങൾ കുറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പോലീസിലെ സൈബർ സംവിധാനത്തിലെ ആധുനികവൽകരണ നടപടികൾ ഉപയോഗിച്ച് ഇത്തരം കുറ്റകൃത്യങ്ങൾ കുറയ്ക്കാനായിട്ടുണ്ട്. പോലീസിന്റെ രാത്രികാല പട്രോളിംഗിൽ എ.റ്റി.എം കൗണ്ടറുകളിലും മറ്റ് ധനകാര്യ സ്ഥാപനങ്ങളിലും പ്രത്യേകം നിരീക്ഷണം ഏർപ്പെടുത്തി വരുന്നുണ്ട്. കൂടാതെ ജനമൈത്രി സംവിധാനം നടപ്പിലാക്കിയും, പോലീസ് സ്റ്റേഷനുകളിലെ അംഗബലത്തിനനുസരിച്ച് ബീറ്റ് ഏരിയകൾ തിരിച്ച് നൽകിയിട്ടുള്ളതുമാണ്. ബീറ്റ് ഏരിയകളിലുള്ള സാമൂഹ്യ വിരുദ്ധരുടേയും ക്രിമിനലുകളുടെയും പ്രവർത്തനങ്ങളെ സംബന്ധിച്ചും അവിടെ ഉണ്ടാകാൻ സാദ്ധ്യതയുള്ള മറ്റ് ക്രമസമാധാന പ്രശ്നങ്ങളെ കുറിച്ചും ബീറ്റ് ഉദ്യോഗസ്ഥർക്ക് കൃത്യമായ വിവരങ്ങൾ ലഭിക്കുന്നതിനാൽ ആയത് പ്രയോജനപ്പെടുത്തി കുറ്റകൃത്യങ്ങൾ കുറയ്ക്കുന്നതിന് സഹായകരമാകുന്നു. റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളിൽ കാര്യക്ഷമമായ അന്വേഷണം നടത്തി

കുറ്റവാളികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവന്ന് ശിക്ഷവാങ്ങി കൊടുക്കുന്നതിനുള്ള ഊർജ്ജിതമായ ശ്രമം നടത്തിവരുന്നു.

എല്ലാ ധനകാര്യ സ്ഥാപനങ്ങളിലും, എ.റ്റി.എം കൗണ്ടറുകളിലും, പ്രധാനപ്പെട്ട വ്യാപാര സ്ഥാപനങ്ങളിലും CCTV ക്യാമറകൾ സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നൽകുകയും ആയത് സ്ഥാപിച്ചതു വഴി മോഷണം കുറയ്ക്കുന്നതിനും മോഷണം നടന്നാൽ പ്രതികളെ പിടികൂടുന്നതിനും സഹായകരമാകുന്നു.

(ഡി) ഈ സർക്കാറിന്റെ കാലയളവിൽ ഏതെല്ലാം മേഖലകളിൽ ഇത്തരം കുറ്റകൃത്യങ്ങൾ കുറയ്ക്കാനായിയെന്നും കുറയാത്ത മറ്റു മേഖലകളെ കണ്ടെത്തി കുറയ്ക്കാനുമായി എന്തു നടപടികൾ സ്വീകരിച്ചു വരുന്നുവെന്നും വ്യക്തമാക്കുമോ;

(ഡി) എ.ടി.എം കാർഡുകൾ ഉപയോഗിച്ചുള്ള തട്ടിപ്പ്, നെറ്റ് ബാങ്കിംഗ് തട്ടിപ്പ് എന്നിവ കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. രാത്രികാല പോലീസ് പട്രോളിംഗിൽ ധകാര്യ സ്ഥാപനങ്ങളും, എ.റ്റി.എം കൗണ്ടറുകളും, പ്രത്യേകം നിരീക്ഷിക്കുന്നതിന് പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിവരുന്നു. കൂടാതെ സൈബർ കുറ്റകൃത്യങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു വരുകയും, മോഷണ കേസുകൾ കുറയ്ക്കുന്നതിന്റെ ഭാഗമായി റസിഡൻസ് അസോസിയേഷനുമായി സഹകരിച്ച് നൈറ്റ് പട്രോളിംഗ് നടത്തുകയും CCTV ക്യാമറകൾ സ്ഥാപിക്കുകയും ചെയ്തുവരുന്നു.

സെക്ഷൻ ഓഫീസർ.